## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1781 | 14.07.2011 - ൽ മറുപടിക്ക് |
|---|---|

**സ്വർണ്ണാഭരണങ്ങളിൽ അർബുദത്തിന് കാരണമായേക്കാവുന്ന മൂലകങ്ങൾ ഉണ്ടെന്ന കണ്ടെത്തലുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തുടനീളം വിറ്റഴിക്കുന്ന സ്വർണ്ണാഭരണങ്ങളിൽ അർബുദ രോഗത്തിന് കാരണമായേക്കാവുന്ന മൂലകങ്ങളുണ്ടെന്ന കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെപ്പറ്റി ശാസ്ത്രീയമായ പഠന റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പിനു മുന്നിൽ ഇതിനകം പരാതികളോ ഏതെങ്കിലും പഠന റിപ്പോർട്ടുകളോ ലഭ്യമായിട്ടുണ്ടോ; | (ബി) | ആരോഗ്യ വകുപ്പിന് ഇത് സംബന്ധിച്ച് പരാതികളോ പഠന റിപ്പോർട്ടുകളോ ലഭ്യമായിട്ടില്ല. |
| (സി) | എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (സി) | ബാധകമല്ല. |
| (ഡി) | ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ഡി) യും (ഇ) യും | ഇക്കാര്യത്തിൽ ഇതേവരെ തീരുമാനം എടുത്തിട്ടില്ല. |
| (ഇ) | സ്വർണ്ണാഭരണങ്ങളിൽ കാൻസറിനു കാരണമായ മൂലകങ്ങളുണ്ടെന്ന വിവരം പുറത്തുവന്നതിലൂടെ സംസ്ഥാനത്തെ ജനങ്ങളിലുണ്ടായ ആശങ്ക അകറ്റാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | | |

സെക്ഷൻ ആഫീസർ